804

1 ആശ്രയം യേശുവിലെന്നാൽ മനമേ
നിനക്കാശ്വാസമായിടും ആയുസ്സെല്ലാം
ആശ്രയിച്ചിടുന്നവർക്കനുദിനമഭയമാ-
ണവഗണിച്ചിടുകയില്ലവനവരെ

2 മനുഷ്യനിലാശ്രയിച്ചാലനിശം നിരാശയല്ലാ-
തൊരു സുഖം മനസ്സിനു ായിടുമോ?
യേശുവിലാശ്രയിച്ചാലേതു വിഷാദമീ ഭൂ-
വാസത്തിൽ വന്നാലും നിരശയില്ല-

3 അവനെ നീ രുചിക്കുക ശരണമായ് കരുതുക
ദിനവും നിൻ ചുമടുകളവൻ മേൽ വയ്ക്ക
അവനുടെ ചുവടുകൾ പതിഞ്ഞിടം നോക്കി നിന്റെ
ചുവടുകൾ പതിച്ചു നീ നടന്നുകൊൾക-

4 മരിച്ചു മണ്മറയുന്ന മനുജന്റെ മഹിമയിൽ
മയങ്ങുമോ മഹിയിതിൽ മതിയുള്ളവർ?
മരിച്ചുയിർത്തേശുവിന്റെ മഹിമ നീ ക ുകൊൾക-
മടുത്തുപോകില്ലവനോടടുത്തുകൊൾക-

5 അവനുടെ വലിപ്പവും മഹത്ത്വവുമിന്നനേകർ
അറിയുന്നില്ലെങ്കിലും താൻ വരുമൊരുനാൾ
ആദരിച്ചവരുമനാദരിച്ചവരുമാ-
രെന്നതു വെളിപ്പെടുമാ ദിനത്തിൽ-

T.K.S.